"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - വെങ്ങാനൂർ, എസ്.എ.എസ് യു.പി.എസ് ലെ ജൂനിയർ ലാംഗ്വേജ് അറബിക് (യു.പി.) അദ്ധ്യാപക തസ്തികയിലേയ്ക്കുള്ള നിയമനം നിരസിച്ചതിനെതിരെ ശ്രീ. അബ്ദുൾ സലാം. എം സമർപ്പിച്ച അപേക്ഷ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.6554/2025/GEDN തീയതി,തിരുവനന്തപുരം, 11-09-2025

---

പരാമർശം:-

1. ശ്രീ.അബ്ദുൾ സലാം എം. സർക്കാരിലേക്ക് സമർപ്പിച്ച നിവേദനം.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05.06.2025-ലെ എഫ്1/10993/2025/ഡി.ജി.ഇ നമ്പർ കത്ത്.
3. ബാലരാമപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ AEOBRM/369/2025-F നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വെങ്ങാനൂർ, എസ്.എ.എസ് യു.പി.എസ് ലെ ജൂനിയർ ലാംഗ്വേജ് അറബിക് (യു.പി.) അദ്ധ്യാപക തസ്തികയിലേയ്ക്കുള്ള നിയമനം നിരസിച്ചതിനെതിരെ ശ്രീ. അബ്ദുൾ സലാം. എം, സമർപ്പിച്ച പരാമർശം (1) അപേക്ഷ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഹർജിക്കാരനെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 11.06.2025-ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2) <u>നേരിൽ കേട്ട വേളയിൽ ഹർജിക്കാരൻ, മാനേജർ എന്നിവർ ചുവടെ ചേർക്കും പ്രകാരം വാദിച്ചു.</u>

i) വെങ്ങാനൂർ എസ്.എ.എസ്. യു.പി സ്കൂൾ മഹാത്മാ അയ്യങ്കാളി സ്മാരക ട്രസ്റ്റിന്റെ ഉടമസ്ഥതയിൽ പ്രവർത്തിച്ചുവരുന്നു. ശ്രീമതി. ഫരീഷ ബീവി.യു വിരമിച്ച ഒഴിവിൽ 15/7/2021 ന് ശ്രീ അബ്ദുൾ സലാം എം ജൂനിയർ അറബിക് ടീച്ചറായി നിയമിതനായി. 31/8/2020 മുതൽ സർവീസിൽ നിന്ന് വിരമിച്ച ശ്രീമതി ഫരീഷ ബീവി. യു-ന്റെ ഒഴിവിലേക്കുള്ള മേൽപ്പറഞ്ഞ നിയമനം AEO ബാലരാമപുരം തന്റെ ഉത്തരവ് നമ്പർ: എ/15423/2021 dated 15/9/2021 പ്രകാരം നിരസിച്ചു. നിരസിക്കാനുള്ള കാരണങ്ങൾ താഴെ കൊടുക്കുന്നു.

- ശ്രീ. അബ്ദുൾ സലാം K-TET യോഗ്യത നേടിയിട്ടില്ല
- സ്കൂളിന് അംഗീകൃത മാനേജർ ഇല്ല
- സ്കൂൾ മാനേജ്മെന്റ് സംരക്ഷിത അധ്യാപകരിൽ ആരെയും ഉൾപ്പെടുത്തിയിട്ടില്ല.
- ആ അംഗീകൃത സീനിയോറിറ്റി ലിസ്റ്റും സ്റ്റാഫ് സ്റ്റേറ്റ്മെന്റും ഹാജരാക്കിയിട്ടില്ല.

ii) ശ്രീ. അബ്ദുൾ സലാം ബിഎ, ബി.എഡ് (അറബിക്) അക്കാദമിക് യോഗ്യതയുള്ള ജൂനിയർ

അറബിക് അധ്യാപക തസ്തികയിലേക്ക് യോഗ്യത നേടിയ അധ്യാപകനാണ്. 2021 സെപ്റ്റംബറിൽ നടത്തിയ പരീക്ഷയിൽ K. TET വിജയിച്ചു. രണ്ടാമത്തെ എതിർപ്പ് സ്കൂൾ മാനേജ്മെന്റിന്റെ അംഗീകാരവുമായി ബന്ധപ്പെട്ടതാണ്. എസ്.എ.എസ്.യു.പി. സ്കൂൾ ഉൾപ്പെടെയുള്ള സ്ഥലം വ്യക്തിഗത മാനേജരായ ശ്രീമതി മംഗളാംഗിയുടേതാണ്. മഹാത്മ അയ്യങ്കാളി സ്മാരക ട്രസ്റ്റിന്റെ പേർക്ക് 2009 ഏപ്രിൽ 13 ന് വെങ്ങാനൂർ സബ് രജിസ്ട്രാർ ഓഫീസിൽ പ്രമാണം രജിസ്റ്റർ ചെയ്തു. അതേസമയം മഹാത്മ അയ്യങ്കാളി സ്മാരക ട്രസ്റ്റും ശ്രീമതി മംഗളാംഗിയുമായി 2008 ആഗസ്റ്റ് 30 തീയതിയിലെ കരാർ പ്രകാരം ശ്രീമതി മംഗളാംഗി മാനേജർ പദവി ഒഴിഞ്ഞ് മഹാത്മ അയ്യങ്കാളി സ്മാരക ട്രസ്റ്റിന് കൈമാറ്റം ചെയ്തിട്ടുണ്ട്. പ്രസ്തുത കരാർ വെങ്ങാനൂർ സബ് രജിസ്ട്രാർ ഓഫീസിൽ 2211/2008 നമ്പരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കരാർ പ്രകാരം ശ്രീമതി മംഗളാംഗി തന്റെ മാനേജർ പദവി മഹാത്മ അയ്യങ്കാളി ട്രസ്റ്റിന് കൈമാറിയിട്ടുണ്ട്. ശ്രീമതി മംഗളാംഗി തന്റെ മാനേജർ പദവി മഹാത്മ അയ്യൻകാളി ട്രസ്റ്റിന് കൈമാറിയ വിശ്വാസത്തിൽ മുന്നോട്ടു പോയതുകൊണ്ടും നിയമാനുസൃതം ചെയ്യേണ്ടുന്ന കാര്യങ്ങളിലെ അജ്ഞത കൊണ്ടുമാണ് അപേക്ഷ സമർപ്പിക്കുവാൻ കാലതാമസം നേരിട്ടത്. തുടർന്ന് മാനേജ്മെന്റ് മാറ്റത്തിനുള്ള അപേക്ഷ ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് 22/06/2022 ൽ സമർപ്പിച്ചിരുന്നു. തുടർന്ന് തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർ 27/12/2022 ലെ ബി5/1934/2022 നമ്പർ കത്തു പ്രകാരം അപേക്ഷയിലെ അപാകതകൾ പരിഹരിച്ച് അപേക്ഷ പുനഃ സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും അതിൻ പ്രകാരം 22/05/2024 ൽ അപാകതകൾ പരിഹരിച്ച് പുനഃസമർപ്പിച്ചു. അതേ സമയം ബാലരാമപുരം എ.ഇ.ഒ യുടെ 04/10/2024 ലെ എ/722/2024 നമ്പർ കത്ത് പ്രകാരം മഹാത്മ അയ്യൻകാളി സ്മാരക ട്രസ്റ്റും അയ്യൻകാളികൾച്ചറൽ ട്രസ്റ്റും ഒരേ കരമടച്ച രസീത് നൽകിയെന്ന വ്യാജ റിപ്പോർട്ടിൽ മാനേജരുടെ കൈമാറ്റം പരിഗണിക്കാതെ വെച്ചിരിക്കുന്നു. മഹാത്മ അയ്യൻകാളി സ്മാരക ട്രസ്റ്റിന്റെ പേരിൽ 2025-2026 ലെ കരം അടച്ച രസീത് ഇതിനോടൊപ്പം ഹാജരാക്കുന്നു. യഥാർത്ഥത്തിൽ രജിസ്റ്റർ ചെയ്ത രേഖകൾ പ്രകാരം നിലവിലെ മാനേജർക്ക് സ്കൂളിന്റെ മാനേജരായി പ്രവർത്തിക്കാൻ നിയമപരമായി അധികാരമുണ്ട്. സ്കൂൾ നടത്തുന്ന ട്രസ്റ്റിന്റെ ചെയർമാൻ കൂടിയാണ് എൻ.കെ. നീലകണ്ഠൻ മാസ്റ്റർ. അതിനാൽ താഴെ ഒപ്പിട്ടയാൾ നടത്തിയ ശ്രീ.അബ്ദുൾ സലാം എം എന്ന ആളിന്റെ നിയമനം അംഗീകരിക്കപ്പെടേണ്ടതാണ്.

iii) അറബിക് അധ്യാപക നിയമനത്തിന് അംഗീകാരം നൽകുന്നതിനുള്ള അടുത്ത എതിർപ്പ് സ്കൂൾ മാനേജ്മെന്റ് സ്കൂളിലെ ഒരു സംരക്ഷിത അധ്യാപകനെയും ഉൾപ്പെടുത്തിയിട്ടില്ല എന്നതായിരുന്നു. തിരുവനന്തപുരം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ 01/03/2011 ലെ ഉത്തരവ് നമ്പർ 84/12332/10 പ്രകാരം ഒരു സംരക്ഷിത അധ്യാപകനെ ഇതിനകം സ്കൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഈ എതിർപ്പ് നിലനിൽക്കില്ല. അതിനാൽ എൽ. ജയ എന്ന അധ്യാപിക 2011 മാർച്ച് മുതൽ അവരെ തിരിച്ചുവിളിക്കുന്നത് വരെ ഈ സ്കൂളിൽ ജോലി ചെയ്തിരുന്നു. അതിനാൽ ഈ എതിർപ്പ് ദയവായി മാറ്റിവയ്ക്കാം. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ബാലരാമപുരം ഉന്നയിച്ച നാലാമത്തെയും അവസാനത്തെയും എതിർപ്പ്, മാനേജർ അംഗീകൃത സീനിയോറിറ്റി ലിസ്റ്റും സ്റ്റാഫ് സ്റ്റേറ്റ്മെന്റും സി.എസ് അംഗീകാര നിർദ്ദേശത്തോടൊപ്പം ഹാജരാക്കിയിട്ടില്ല എന്ന തായിരുന്നു. ഈ രേഖകൾ പിന്നീട് എ.ഇ.ഒയ്ക്ക് ലഭ്യമാക്കിയിരുന്നു. അതിനാൽ ഈ എതിർപ്പും മാറ്റിവയ്ക്കാൻ സാധ്യതയുണ്ട്.

iv) 31/03/2020 ൽ സർവീസിൽ നിന്ന് വിരമിച്ച ശ്രീമതി ഫാരിഷ ബീവി യു.ക്ക് പകരം

15/07/2021 മുതൽ ജൂനിയർ അറബിക് അധ്യാപകനായി ശ്രീ. അബ്ദുൾ സലാമിനെ നിയമിച്ചു. 2021-22-ൽ അദ്ധ്യായം: XXIII KER- ലെ റൂൾ 6 പ്രകാരം സ്കൂളിൽ അറബിക് അധ്യാപകനെ അനുവദിക്കുന്നതിന് മതിയായ അംഗബലമുണ്ട്. അദ്ദേഹത്തെ ഒരു അംഗീകൃത മാനേജർ നിയമിച്ചു. നിയമന തീയതി മുതൽ അധ്യാപകൻ തുടർച്ചയായി ജോലി ചെയ്യുന്നു. എൽ.പി, യു.പി ക്ലാസ്സുകളിൽ പഠിക്കുന്ന 90 ശതമാനം മുസ്ലിം കുട്ടികളും അറബിക് ഭാഷ പഠിക്കുന്നവരാണ്. അറബി ഭാഷാ ദിനങ്ങളിലും (ഡിസം 18) സ്കൂൾ അസംബ്ലി ദിനങ്ങളിലും അറബി ഭാഷാ കുട്ടികളിൽ മികവാർന്ന പ്രകടനം കാഴ്ചവെയ്ക്കാൻ സാധിച്ചിട്ടുണ്ട്. അറബിക് സബ്ജില്ലാ - റവന്യൂജില്ലാ മത്സരങ്ങളിൽ പങ്കെടുത്ത് ഓവറോൾ ചാമ്പ്യനും, ഉയർന്നഗ്രേഡുകളും നേടാൻ കഴിഞ്ഞു. അലിഫ് ടാലന്റ്, അറബിക് USS സ്കോളർഷിപ്പ് പരീക്ഷ എന്നിവയിൽ മികവാർന്ന റിസൾട്ട് നേടാൻ ഞങ്ങളുടെ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ, അബ്ദുൾ സലാമിന്റെ പരാതി അനുവദിച്ച്, അറബി അധ്യാപക നിയമനത്തിന് അംഗീകാരം നൽകാൻ ഉത്തരവിടണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

3) <u>നേരിൽ കേട്ട വേളയിൽ വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി</u>

വെങ്ങാനൂർ എസ് എ എസ് യു പി എസിലെ ജൂനിയർ ലാംഗ്വേജ് അറബിക് (യു പി ) ആയ ഫരീസാ ബീവി യു, 31/3/2020ന് സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിൽ ശ്രീ.അബ്ദുൾ സലാം.എം നെ മാനേജർ ജൂനിയർ ലാംഗ്വേജ് അറബിക് (യു.പി) ആയി 15/7/2021 മുതൽ നിയമിച്ചു. ശ്രീ.അബ്ദുൾ സലാം K-TET ക്വാളിഫിക്കേഷൻ നേടിയിട്ടില്ലാത്തതിനാലും പുതിയ മാനേജർക്ക് അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാലും, appointee declaration, 1/1/2021 അടിസ്ഥാനമാക്കിയിട്ടുള്ള അംഗീകൃത സീനിയോറിറ്റി ലിസ്റ്റ്, 15/7/2021 അടിസ്ഥാനമാക്കിയിട്ടുള്ള സ്റ്റാഫ് സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ലാത്തതിനാലും ടി നിയമനം ഉപജില്ലാ ഓഫീസറുടെ കാര്യാലയത്തിലെ ഉത്തരവ് നമ്പർ F/15423/2021 തീയതി: 15/09/2021 പ്രകാരം നിരസിച്ചു നൽകി. മാത്രമല്ല ഇതൊരു Newly upgraded സ്കൂൾ ആണ്. സ.ഉ (അച്ചടി) നം.4/2021/പൊ.വി.വ തീയതി 06/02/2021 പ്രകാരം 1979 നു ശേഷം ആരംഭിച്ചതോ ഉയർത്തപ്പെട്ടതോ ആയ വിദ്യാലയങ്ങളിലെ ഒരു തസ്തിക സംരക്ഷിതാധ്യാപിക നിയമനത്തിനായി മാറ്റി വയ്ക്കേണ്ടതായുണ്ട്. ആയത് പാലിച്ചിട്ടില്ല. നിലവിലും ടി സ്കൂളിൽ സംരക്ഷിതാധ്യാപകർ ആരും സേവനമനുഷ്ഠിക്കുന്നില്ല. തുടർന്ന് മാനേജർ നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപ്പിൽ സമർപ്പിച്ചു. മേൽ ഖണ്ഡികയിൽ സൂചിപ്പിച്ച കാരണങ്ങളാൽ തന്നെ 05/03/2022 അപ്പീൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു ഉത്തരവായി. എസ്.എ.എസ്.യു.പി.എസ് വെങ്ങാനൂർ സ്കൂളിലെ ഉടമസ്ഥാവകാശം ഉൾപ്പടെയുള്ള മാനേജർ മാറ്റത്തിനുള്ള മഹാത്മാ അയ്യൻകാളി സ്മാരക ട്രസ്റ്റ്, ചെയർമാൻ ശ്രീ. എൻ.കെ. നീലകണ്ഠൻ സമർപ്പിച്ച അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു നൽകുവാൻ ഇരിക്കവെ അയ്യൻകാളി കൾച്ചറൽ ട്രസ്റ്റ് ചെയർമാൻ ശ്രീ. പുന്നല ശ്രീകുമാറും ഉടമസ്ഥാവകാശം ഉൾപ്പടെയുള്ള മാനേജർ മാറ്റത്തിനുള്ള അപേക്ഷ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ സമർപ്പിക്കുകയുണ്ടായി. മേൽ സാഹചര്യത്തിൽ ടി കാര്യാലയത്തിൽ നിന്നും ടി രണ്ട് അപേക്ഷകളും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നൽകി. ടി രണ്ട് അപേക്ഷകളിലും കൈവശവകാശ സർട്ടിഫിക്കറ്റ്, കരം തീർത്ത രസീത് എന്നിവ അപേക്ഷകർ ഉൾപ്പെടുത്തിയിരുന്നു. തുടർന്ന് പൊതുവിദ്യാഭ്യസ

ഡയറക്ടറുടെ കത്ത് നമ്പർ F1/17938/2024/DGE dtd 23.12.2024 പ്രകാരം എസ്.എ.എസ്.യു.പി.എസ് വെങ്ങാനൂർ സ്കൂളിലെ ഉടമസ്ഥാവകാശം ഉൾപ്പടെയുള്ള മാനേജർ മാറ്റത്തിനുള്ള രണ്ട് വ്യത്യസ്ത അപേക്ഷകൾ രണ്ട് വ്യക്തികളുടെ പേർക്ക് സമർപ്പിയ്ക്കപ്പെട്ട സാഹചര്യത്തിൽ രണ്ട് അപേക്ഷകളും നിരസിച്ചു, നിലവിലും ടി സ്കൂളിൽ മാനേജർ ഇല്ല.

4) നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ, നിലവിലുള്ള ചട്ടങ്ങൾ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ചു. മാനേജർ നിയമനത്തിൽ തർക്കങ്ങൾ ഉള്ള പക്ഷം കോടതിയിൽ സ്റ്റേ ഒന്നും നിലവിലില്ലെന്ന് ഉറപ്പ് വരുത്തി 10.04.12 ലെ സർക്കുലർ No: 13402/12/G.EDN , 12/01/2022ലെ സ.ഉ(സാധാ.)നം. 290/2022/പൊ.വി.വ എന്നിവയുടെ അടിസ്ഥാനത്തിൽ ബാലരാമപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ സ്കൂളിന്റെ താത്ക്കാലിക മാനേജരായി നിയമിക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തികൊണ്ടും, അപ്രകാരം ഡി-ഫാക്ടോ മാനേജരായി ചുമതലപ്പെടുത്തുന്ന ബാലരാമപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീ. അബ്ദുൾ സലാം എം കെ-ടെറ്റ് നേടിയ തീയതി മുതലോ അതിന് ശേഷമോ ടി സ്കൂളിൽ സംരക്ഷിതാധ്യാപകനെ നിയമിക്കുന്ന മുറയ്ക്ക് ശ്രീ അബ്ദുൾ സലാം എം ന്റെ നിയമനം മറ്റ് വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ ഭിന്നശേഷി സംവരണനിയമപ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച് നൽകുന്നതിനുമുള്ള നിർദേശം നൽകികൊണ്ടും, അപ്രകാരം പരാമർശം (1) അപേക്ഷ തീർപ്പാക്കിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, നെയ്യാറ്റിൻകര
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ബാലരാമപുരം
മാനേജർ, എസ്.എ.എസ് യു.പി.എസ്. വെങ്ങാനൂർ, വെങ്ങാനൂർ പി.ഒ, തിരുവനന്തപുരം - 695 523
ശ്രീ.അബ്ദുൾ സാലം എം, എം.എ. മൻസിൽ, തൊഴിച്ചൽ, പാറവിള, വിഴിഞ്ഞം പി.ഒ, തിരുവനന്തപുരം - 695 521
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 11-09-2025 11:19:04